"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിലെ തിരുമല വില്ലേജ്, ബ്ലോക്ക് 11, റീസർവ്വെ 12-ൽ ഉൾപ്പെട്ട 0.92 ആർ ഭൂമി ബി.റ്റി.ആർ പ്രകാരം സർക്കാർ പാറ പുറമ്പോക്ക് എന്നത് ഇനം മാറ്റി തരിശാക്കി അർഹതയുടെ അടിസ്ഥാനത്തിൽ ശ്രീ എൻ.ജെ മണിയൻ, ശ്രീമതി കെ. വിജയമ്മ എന്നിവർക്ക് പതിച്ച് നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

G.O.(Ms)No.59/2026/RD തീയതി,തിരുവനന്തപുരം, 09-02-2026

---

പരാമർശം:- 1. ശ്രീ എൻ.ജെ മണിയൻ, ശ്രീമതി കെ. വിജയമ്മ എന്നിവരുടെ അപേക്ഷ

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 17.07.2025, 13.11.2024 തീയതികളിലെ ബി.4-266065/2020 നമ്പർ കത്തുകൾ.

3. ലാൻറ് റവന്യൂ കമ്മീഷണറുടെ 13.08.2025-ലെ എൽ.ആർ/6876/2025-പി.എം.-2 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിലെ തിരുമല വില്ലേജ്, ബ്ലോക്ക് 11, റീസർവ്വെ 12-ൽ ഉൾപ്പെട്ട 0.92 ആർ സർക്കാർ 'പാറ പുറമ്പോക്ക്' ഇനത്തിൽപ്പെട്ട ഭൂമി പതിച്ച് കിട്ടുന്നതിനായി ശ്രീ എൻ.ജെ മണിയൻ, ശ്രീമതി കെ. വിജയമ്മ എന്നിവർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നെന്നും പ്രസ്തുത ഭൂമി ബി.റ്റി.ആർ പ്രകാരം 'സർക്കാർ പാറ' എന്നും സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 'കാട് തരിശ്ശ്' എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപേക്ഷകർ പാറ ഒഴിവായ സ്ഥലത്താണ് കുടുംബസമേതം താമസിച്ചുവരുന്നത്. ഏകദേശം 50 വർഷത്തിലേറെയായി ടി ഭൂമി അപേക്ഷകരുടെ കൈവശത്തിലാണ്. അപേക്ഷകർ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടവരും കുടുംബ വാർഷിക വരുമാനം 36,000/- രൂപയുമാണ്. അപേക്ഷയ്ക്കാസ്പദമായ സ്ഥലത്ത് ആസ്ബറ്റോസ് ഷീറ്റിട്ട, വൈദ്യുതീകരിച്ച വീടും കുടിവെള്ള കണക്ഷനും ഉള്ളതാണ്. അപേക്ഷകർക്ക് മറ്റ് ഭൂമി സ്വന്തമായി ഇല്ലെന്നും പതിവ് ശിപാർശയിൽ പാറ ഒഴികെയുള്ള സ്ഥലത്തിന്റെ സ്കെച്ചാണ് പതിവിനായി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്നും തഹസിൽദാർ അറിയിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. അപേക്ഷകർ നിലവിൽ താമസിച്ചുവരുന്നത് പാറ (ഷീറ്റ് റോക്ക്) യുടെ പുറത്താണ് എന്നും അപേക്ഷകരുടെ വീടിന്റെ സമീപത്തായി 1.3 മീറ്റർ മാറി അനേകം ബൗൾഡറുകൾ സ്ഥിതി ചെയ്യുന്നുവെന്നും, ഷീറ്റ് റോക്കും (പാറ) ബൗൾഡറുകളും ഉള്ള സ്ഥലത്തിനോട് ചേർന്ന് അനേകം വീടുകളും ക്ഷേത്രവും സ്ഥിതി ചെയ്യുന്നതിനാൽ 2015-ലെ KMMC ചട്ടങ്ങൾ

പ്രകാരം ഖനന സാധ്യത ഇല്ല എന്ന് സീനിയർ ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും തിരുമല വില്ലേജ്, ബ്ലോക്ക് 11, റീസർവ്വേ 12-ൽ ഉൾപ്പെട്ട 0.92 ആർ പാറ പുറമ്പോക്ക് ഭൂമി 1995-ലെ ഭൂമി പതിവ് ചട്ടം 21 പ്രകാരം സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് ഇനം മാറ്റി തരിശാക്കി അപേക്ഷകരായ ശ്രീ. എൻ. മണിയൻ & ശ്രീമതി.കെ വിജയമ്മ, തൃചക്രപുരം പാറേക്കാവിൽ വേട്ടമുക്ക്, തിരുമല പി.ഒ എന്നിവർക്ക് പതിച്ച് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നുമാണ് പരാമർശം (2&3) പ്രകാരം ജില്ലാ കളക്ടറും ലാൻറ് റവന്യൂ കമ്മീഷണറും ആവശ്യപ്പെട്ടിരിക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോട്ടിന്റെ അടിസ്ഥാനത്തിലും കഴിഞ്ഞ 50 വർഷക്കാലമായി അപേക്ഷാ കക്ഷിയുടെയും കുടുംബത്തിന്റെയും കൈവശത്തിലും വീട്ട വച്ചു താമസിച്ചുവരുന്നതുമായ തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിലെ തിരുമല വില്ലേജ്, ബ്ലോക്ക് 11, റീസർവ്വെ 12-ൽ ഉൾപ്പെട്ട 0.92 ആർ 'പാറ പുറമ്പോക്ക്' ഇനത്തിൽപ്പെട്ട ഭൂമിയുടെ ഇനം തരിശാക്കി മാറ്റി അർഹതയുടെ അടിസ്ഥാനത്തിൽ ശ്രീ. എൻ. മണിയൻ & ശ്രീമതി.കെ വിജയമ്മ, തൃചക്രപുരം, പാറക്കോവിൽ വേട്ടമുക്ക്, തിരുമല പി.ഒ എന്നിവർക്ക് പതിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത് സംബന്ധിച്ച നിയമാനുസൃത തുടർ നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GEETHA A I A S
ADDITIONAL SECRETARY

ലാൻറ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം,
ജില്ലാ കലക്ടർ, തിരുവനന്തപുരം,
ശ്രീ. എൻ. മണിയൻ & ശ്രീമതി.കെ വിജയമ്മ, തൃചക്രപുരം, പാറക്കോവിൽ വേട്ടമുക്ക്, തിരുമല പി.ഒ തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള,
വിവര-പൊതു ജനസമ്പർക്ക(വെബ്& ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
Date: 09-02-2026 14:58:59
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. റവന്യു വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യു വകുപ്പ് സെക്രട്ടറിയുടെ പി. എ.ക്ക്
റവന്യു വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എ.ക്ക്